# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 802 — 10.2.2015 -ലെ മറുപടിക്ക്

## പുതിയ മെഡിക്കൽ കോളേജിലെ അദ്ധ്യയനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്ത് ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിൽ എന്ന് ക്ലാസ്സുകൾ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ? | (എ) തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജിൽ 2016-17 അദ്ധ്യയന വർഷം മുതൽ തന്നെ പ്രവേശനം സാദ്ധ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്. ഇതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും അതനുസരിച്ച് എം. സി. ഐ യുടെ പരിശോധനകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എം. സി. ഐ യിൽ നിന്നും ലെറ്റർ ഓഫ് പെർമിഷൻ (LOP) ലഭിച്ചാലുടൻ അഡ്മിഷൻ നടത്തി ക്ലാസ്സുകൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ